# മംഗലവാർത്തകാലം

## വചന വിചിന്തനം

### മംഗലവാർത്തകാലം നാലാം ഞായർ

**മത്താ 1, 18-24**

**പുതിയ നിയമത്തിന്റെ ആദ്ധ്യാത്മികത,**
**"ബലിയല്ല... കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്!,"**
**ക്രിസ്തു പ്രഖ്യാപിക്കുന്നതിനുമുമ്പേ**
**സ്വജീവിതത്തിൽ ആലേഖനം ചെയ്തവനാണ്**
**വി.യൗസേപ്പിതാവ്!**

**"ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്,**
**കർത്താവിൻെറ ദൂതൻ കൽപിച്ചതുപോലെപ്രവർത്തിച്ചു;**
**അവൻ തൻെറ ഭാര്യയെ സ്വീകരിച്ചു"** (ലൂക്കാ 1,24).

"യേശു" എന്ന പേരിന്റെ അർത്ഥം "ദൈവം രക്ഷിക്കുന്നു" പേര് സൂചിപ്പിക്കുന്ന വിധം ജീവിച്ച ക്രിസ്തുവിന് ഇതിനേക്കാൾ നല്ല പേരില്ല!

തിരുപ്പിറവിയുടെ തലേ ഞായറാഴ്ചതന്നെ "ക്രിസ്തുവിന്റെ ജനനത്തെ" കുറിച്ചുള്ള സംഭവം തിരുസഭാമാതാവ് വചനവിചിന്തനമായി സമ്മാനിക്കുന്നത് അസാംഗത്യമായി തോന്നാം. എന്നാൽ, വചനഭാഗത്തിന്റെ വരികൾക്കിടയിലൂടെ വായിക്കുമ്പോൾ ക്രിസ്തുവിന്റെ ജനനത്തേക്കാൾ സുവിശേഷകൻ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നത് വി.യൗസേപ്പിതാവിന്റെ ജീവിതശൈലിയേയാണ്. ദൈവപുത്രന്റെ 'ഭൗതീകപിതാവാകാൻ' വലിയ ഭാഗ്യം ലഭിച്ച വി.യൗസേപ്പിതാവിന്റെ സ്വഭാവസൗഷ്ഠവം പങ്കുവയ്ക്കുകയാണ് മത്തായി ശ്ലീഹായുടെ ലക്ഷ്യമെന്ന് ഈ ആഖ്യാനത്തിന്റെ സാംഗത്യം പരിശോധിക്കുമ്പോൾ വ്യക്തമാകും.

വി. യൗസേപ്പിനെ അവതരിപ്പിക്കാൻ വി.മത്തായി ശ്ലീഹ സുവിശേഷകൻ അവതരിപ്പിക്കുന്ന രണ്ട് വിശേഷണങ്ങൾ ശ്രദ്ധേയമാണ്;

1. ജോസഫ് നീതിമാനാണ് (ലൂക്കാ 1,24)
2. ജോസഫ് തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്തവനാണ് (ലൂക്കാ 1,24).

പഴയനിയമത്തിന്റെ നീതി "നിയമം അക്ഷരശ്ശ പാലിക്കുന്നതാണ്." നിയമം അണുവിടയ്ക്ക് തെറ്റാതെ അനുസരിക്കുന്നവനെ മാത്രമാണ് പഴയനിയമത്തിൽ നീതിമാൻ എന്ന് വിളിക്കാനാകു. എന്നാൽ, പുതിയനിയമത്തിലേയ്ക്ക് നോക്കുക, നിയമലംഘനം നടത്തുന്ന ജോസഫിനെ നീതിമാൻ എന്ന് വിളിക്കുന്നു. പുതിയനിയമത്തിൽ "നീതിബോധത്തിൻ" വിപ്ലവകരമായ ആത്മീയതയായി മത്തായി സുവിശേഷകൻ അവതരിപ്പിക്കുകയാണ്. ജോസഫുമായി വിവാഹനിശ്ചയം കഴിഞ്ഞ മറിയം എന്നുള്ള പെൺകുട്ടി ജോസഫിൻ നിന്നാണ് ഗർഭം ധരിക്കേണ്ടത്. അങ്ങനെയല്ലാത്തവർ വ്യഭിചാരത്തിനുള്ള ശിക്ഷയായി കല്ലെറിഞ്ഞ് കൊല്ലപ്പെടണം എന്നുള്ളതാണ് യഹൂദനിയമം. അങ്ങനെയാണെങ്കിൽ, മറിയത്തെ നിയമത്തിനു മുമ്പിലെത്തിക്കേണ്ട ജോസഫ് നിയമാനുഷ്ഠാനത്തിനു കൂട്ടാക്കാതെ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച മറിയത്തിന്റെ ജീവൻ രക്ഷിക്കാൻ തിരുമാനിക്കുന്നു. നിയമം ലംഘിച്ചുകൊണ്ടുതന്നെ, സുവിശേഷം പോലും സ്തുതിക്കുന്ന, "നീതിമാനായി" മാറ്റപ്പെടുന്നു.

ജോസഫിന്റെ നീതിബോധത്തെ സ്തുതിക്കുന്ന സുവിശേഷകന്റെ ഉൾത്തടം തിരിച്ചറിയണമെങ്കിൽ ക്രിസ്തു പ്രസംഗിക്കുന്ന നീതിബോധത്തെ വിവേചിച്ചറിയാൻ സാധിക്കണം. "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിൻെറ അർഥം നിങ്ങൾ പോയി പഠിക്കുക. ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്"

(മത്താ 9:13). ദൈവത്തിന്റെ നീതിബോധമാണ് ക്രിസ്തു പറഞ്ഞതും പഠിപ്പിച്ചതും പങ്കുവച്ചതു. ക്രിസ്തുവിന്റെ നീതിബോധത്തിൽ കരുണയ്ക്കാണ് വലിയ പ്രാധാന്യം. അതുകൊണ്ടുതന്നെയാണ് ക്രിസ്തു പാപികളുടെ കൂട്ടുകാരനും, രോഗികളുടെ ആശ്രിതനും, വേദനിക്കുന്നവരുടെ ആശ്വാസദായകനും ആയി മാറ്റപ്പെട്ടത്. ഇത് ക്രിസ്തു പറയുന്നതിനും പഠിപ്പിക്കുന്നതിനും മുമ്പേ സ്വജീവിതം കൊണ്ട് വ്യാഖ്യാനിച്ച വി.യൗസേപ്പിതാവിനേക്കാൾ വലിയ വിശുദ്ധനില്ല!

കാർ ഓടിക്കുമ്പോൾ നിരന്തരമായി ഇൻഡിക്കേറ്റർ ഇടാതെ ഓടിക്കുന്ന ഭാര്യയോട് ഒരിക്കൽ ഭർത്താവ് ചോദിച്ചു;

"നീ എന്താ വണ്ടി തിരിക്കുമ്പോഴും വളയ്ക്കുമ്പോഴും ഇൻഡിക്കേറ്റർ ഉപയോഗിക്കാത്തത്?"

ഭർത്താവിന്റെ കൗതുകകരമായ ചോദ്യം കേട്ടപ്പോൾ ഭാര്യ ഭർത്താവിനോട് തിരിച്ച് ചോദിച്ചു;

"എന്തിനാ ഇൻഡിക്കേറ്റർ ഇടുന്നേ?"

ഭർത്താവ് വലിയ ഡ്രൈവിങ്ങ് ടീച്ചറെപ്പോലെ ഭര്യയോ പഠിപ്പിക്കാൻ ആരംഭിച്ചു;

"നീ ഇൻഡിക്കേറ്റർ ഇടുമ്പോൾ പുറകെ വരുന്ന മറ്റു ഡ്രൈവർമാർക്ക് അറിയാൻ പറ്റും നീ എങ്ങോട്ടാണ് തിരിയുന്നതെന്നും, വളയുന്നതെന്നും."

ഇത് കേട്ട ഭാര്യ ഭർത്താവിനോട് തിരിച്ച് പറയുകയാണ്;

"ഓ... അങ്ങനെ ഇപ്പോൾ മറ്റുള്ളവർ അറിയേണ്ട ഞാൻ എങ്ങോട്ടാണ് പോകുന്നതെന്ന്..."

നമ്മുടെ നീതിബോധത്തിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണിത്. എന്റെ നീതിബോദ്ധം അളക്കുന്നത് എന്റെ സുഖം, എന്റെ സന്തോഷം, എന്റെ സംതൃപ്തി എന്നീ മാനദണ്ഢങ്ങളുടെ അടിസ്ഥാനത്തിലാണ്. "നല്ല സമരിയാക്കാരന്റെ ഉപമയിൽ" ലേവായനും പുരോഹിതനും നിയമത്തിൽ അനുശാസിച്ചതനുസരിച്ചാണ് പ്രവർത്തിച്ചത്. എന്നിട്ടും, ദൈവതിരുമുമ്പിൽ അവർ തള്ളപ്പെടുകയും വിജാതിയനായ സമരിയക്കാൻ സ്വീകാര്യനാകുന്നതിനും കാരണം ദൈവത്തിന്റെ നീതിബോധത്തെ സ്വന്തമാക്കാൻ സാധിച്ചതുകൊണ്ടാണ്. അങ്ങനെയെങ്കിൽ ജോസഫിൽ നിന്നും സ്വന്തമാക്കാനുള്ള പ്രഥമവും പ്രധാനപ്പെട്ടതുമായ ഗുണം "ജോസഫിന്റെ നീതിബോധം" തന്നെയാണ്.

കുടുംബങ്ങളെ തിരുകുടുംബമാക്കി മാറ്റുന്ന മനോഭാവം; നീതിബോധവും, താൻ മൂലം തന്റെ ജീവിതത്തിന്റെ പാതി കണ്ണുനീർ വാർക്കുകയും ചെയ്യരുത് എന്നുള്ളതാണ്!

രണ്ടാമതായി മത്തായി സുവിശേഷകൻ ജോസഫിന്റെ ജീവിതശൈലിയെ വരച്ച് കാണിക്കുമ്പോൾ അടിവരയിട്ട് പറഞ്ഞ് വയ്ക്കുന്നത്, "ജോസഫ് തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്തവനാണ് (ലൂക്കാ 1,24). ജോസഫിന്റെ നിയമലംഘനത്തിന്റെ പ്രധാനകാരണം, "ജോസഫ് തന്റെ ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെട്ടില്ല" എന്നുള്ളതാണ്. മറിയത്തിന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞ് ജോസഫിന്റെ ദാമ്പത്യസ്വപ്നങ്ങളിൽ വീണ കരിനിഴലാണ്. തന്റെ സ്വപ്നങ്ങൾ തല്ലികൊഴിച്ച ഭാര്യയുടെ അടുത്ത് ഭർത്താക്കൻമാർക്ക് പകയുണ്ടാവുക എന്നത് തികച്ചും സ്വാഭാവികമായ ഒന്നാണ്. എന്നാൽ, ഇവിടെയാണ് ജോസഫിന്റെ ആഴത്തിലുള്ള ആത്മീയതയുടെ സൗന്ദര്യം മറിയം അനുഭവിക്കുന്നത്.

"അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു" (ലൂക്കാ 1,24).

ഒരു പ്രശ്നവും ഇല്ലാത്ത കുടുംബമായിരുന്നില്ല ജോസഫിന്റെയും മറിയത്തിന്റെയും. മറിച്ച്, തകരൻ പോകുന്ന പ്രശ്നങ്ങളുടെ പരമ കോടിയിലായിരുന്ന ആ കുടുംബം. എന്നിട്ടും, ആ കുടുംബം തിരുകുടുംബമായി മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം, ജോസഫിന്റെ നീതിബോധവും, ജീവിതപങ്കാളിയുടെ അഭിമാനത്തിനും കാവൽ നിൽക്കുന്ന ജോസഫിന്റെ ആത്മീയതയുമാണ്. ജോസഫിന്റെ വിശുദ്ധമായ വാശി,

"കാരണം എന്തുമാകട്ടെ, താൻ മൂലം ഒരു നുള്ളു കണ്ണുനീർപ്പോലും ഈ ഭൂമിയിൽ ആരും പൊഴിക്കരുത്," ആത്മീയതയായി രൂപപ്പെട്ടപ്പോൾ ഈശോ ജനിച്ച ജോസഫിന്റെയും മറിയത്തിന്റെയും കുടുംബം തിരുകുടുംബമായി രൂപപ്പെട്ടു. ഇതുതന്നെയാണ് കുടുംബങ്ങളെ തിരുകുടുംബമായി മാറ്റുന്ന മനോഭാവം.

ഒരിക്കൽ വായിച്ച രസകരമായ കഥ ഇപ്രകാരമാണ്, ഒരിക്കൽ ഒരു പള്ളിയിലെ വിശ്വാസം ഇപ്രകാരമാണ്.

"കിണറ്റിൽ പൈസ ഇട്ടാൽ ഉദ്ദിഷ്ടകാര്യം സാധിക്കും."

ഇത് കേട്ട ഒരാൾ തീർത്ഥാടനത്തിന് പോയപ്പോൾ ഈ പള്ളിയും സന്ദർശിക്കാൻ ഇടയായി. കേട്ടത് സത്യമാണോ എന്നറിയാൻ അയ്യാൾ തന്റെ പോക്കേറ്റിൽ നിന്നും ഒരു അഞ്ചുരൂപയുടെ കോയൻ എടുത്ത് കിണറ്റിലേയ്ക്കിട്ടു. എന്നിട്ട്, കിണറ്റിലേയ്ക്ക് പൈസ താണുപോകുന്നതും നോക്കി നിന്നു. ഇത് കണ്ട ഭാര്യയും കിണറ്റിലേയ്ക്ക് വീണ പൈസ മുങ്ങിപോകുന്നത് കാണാൻ എത്തിനോക്കി. പക്ഷെ, കിണറ്റിലേയ്ക്ക് എത്തിനോക്കിയ ഭാര്യയുടെ കാലൊന്ന് തെന്നി, ഭാര്യയും കിണറ്റിലേയ്ക്ക് വീണു. കിണറ്റിലേയ്ക്ക് വീണ ഭാര്യയെ അൽഭുതത്തോടെ നോക്കുന്നതിനിടയിൽ ഭർത്താവ് വിശ്വസത്തിന്റെ പാരമ്യത്തിൽ ആത്മഗതം ചെയ്തു;

"ഹൊ...... ഇത്ര വേഗം സാധിക്കുമെന്ന് കരുതിയില്ല!"

കുടുംബങ്ങളെ തിരുകുടുംബങ്ങളാക്കാനുള്ള വലിയ വിളി സ്വീകരിച്ചിരിക്കുന്നവരുടെ വിളിയോടുളള വിശ്വസ്ഥതയുടെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് കുറിച്ച് വച്ചത്. ദൈവസ്നേഹവും (നീതിമാൻ) പരസ്നേഹവും (ജീവിതപങ്കാളിയോടുളള സ്നേഹം) സമാസമം സമ്മേളിച്ച വ്യക്തി എന്ന നിലയിലാണ് ജോസഫിനെ സുവിശേഷകൻ പരിചയപ്പെടുത്തുന്നത്. ഈശോ പഠിപ്പിക്കുന്നതിനുമുമ്പേ ഈശോ ആഗ്രഹിച്ച കാര്യങ്ങൾ സ്വജീവിതം കൊണ്ട് വ്യാഖ്യാനിച്ച ജോസഫ് നീതിമാനായില്ലെങ്കിൽ ആൽഭുതമേയൊളളു.

തകരാൻ പാകത്തിന് പുകഞ്ഞിരുന്ന അഗ്നിപർവ്വതമായിരുന്ന ജോസഫിന്റെ കുടുംബം. എന്നിട്ടും, അത് തകരുന്നില്ലെങ്കിൽ അതിനുള്ള കാരണം, ദൈവത്തിന്റെ സാന്നിദ്ധ്യമാണ്!

***"ഞാൻ ഇപ്പോൾ മനുഷ്യരുടെ പ്രീതിയാണോ അന്വേഷിക്കുന്നത്?***
***അതോ, ദൈവത്തിൻേറതാണോ?***
***അഥവാ, മനുഷ്യരെ പ്രസാദിപ്പിക്കാൻ ഞാൻ യത്നിക്കുകയാണോ?***
***ഞാൻ ഇപ്പോഴും മനുഷ്യരെ പ്രസാദിപ്പിക്കുന്നവനായിരുന്നെങ്കിൽ***
***ക്രിസ്തുവിൻെറ ദാസനാവുകയില്ലായിരുന്നു."***

ഗലാത്തി 1,10

---

ഫാ. ജോബി മേനോത്ത്
+91 9447777931